"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ. ഡി.ബിജുവിന് കോഴിക്കോട് ആഭ്യന്തര പരിശോധനാ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല നല്കിയ നടപടി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.270/2025/TAXES തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-
1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 03.01.2024, 08.02.2024, 17.04.2024 തീയതികളിലെ SLTY/50/2024-E2 നമ്പർ നടപടിത്തീർപ്പുകൾ
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 26.06.2024-ലെ SLTY/6242/2023-E2 നമ്പർ നടപടിത്തീർപ്പ്
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 10.03.2025-ലെ SLTY/946/2025-E2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ കോഴിക്കോട് ആഭ്യന്തര പരിശോധനാ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. എസ്. അനിൽ കുമാർ 31.12.2023 പ്രാബല്യത്തിൽ സേവനത്തിൽ നിന്ന് സ്വയം വിരമിയ്ക്കുന്നതിനും ശ്രീമതി ബി.കെ. വിജയലക്ഷ്മി ടി ചാർജ്ജ് 30.12.2024-ന് ഏറ്റെടുക്കുന്നതിനും ഇടയിൽ, 01.01.2024 പൂർവ്വാഹ്നം മുതൽ 29.12.2024 അപരാഹ്നം വരെയുള്ള കാലയളവിൽ, ടി ഓഫീസിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസറായിരുന്ന ശ്രീ. ഡി.ബിജുവിന് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നല്കിയ പരാമർശം (1), (2) എന്നിവ പ്രകാരമുള്ള നടപടി സാധൂകരിച്ച് നല്കണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.01.2024 പൂർവ്വാഹ്നം മുതൽ 29.12.2024 അപരാഹ്നം വരെയുള്ള കാലയളവിൽ, സംസ്ഥാന

ഭാഗ്യക്കുറി വകുപ്പിന്റെ കോഴിക്കോട് ആഭ്യന്തര പരിശോധനാ വിഭാഗം ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല, ടി ഓഫീസിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ. ഡി.ബിജുവിന് നല്കിയ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/71/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 22-03-2025 11:06:06
സെക്ഷൻ ഓഫീസർ